LIBRARY ARCHIVES Kerala Legislative Assembly

കൊല്ലംകോട്-തൃശ്ശൂർ റെയിൽവേപ്പാത നിർമ്മാണം

64 (2302) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലംകോട്-തൃശ്ശൂർ റെയിൽവേപ്പാതയുമായി ബന്ധപ്പെട്ട് കേന്ദ്ര റെയിൽവേ ഉദ്യോഗസ്ഥർ നടത്തിയ സർവ്വേ എത്രത്തോളമായി എന്ന കാര്യം അറിയാമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് സർക്കാർ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഈ പദ്ധതി സംബന്ധിച്ച് കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി കത്തിടപാടുകൾ നടത്താറുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഈ റെയിൽപ്പാത എപ്പോൾ യാഥാർത്ഥ്യമാകുമെന്ന് സർക്കാരിന് സൂചനയുണ്ടോ ?

ഉത്തരം

(എ) സർവ്വേ റിപ്പോർട്ട് റെയിൽവേ ബോർഡിന് സമർപ്പിച്ചെങ്കിലും പദ്ധതി റെയിൽവേ ബോർഡ് തൽക്കാലം വേണ്ടെന്ന് വച്ചിരിക്കുകയാണ്.

(ബി-ഡി) 2015-16 റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനം

65 (2303) ശ്രീ. കെ. കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ ബോർഡിൽ ഏതെല്ലാം തസ്തികകളിലേക്കാണ് നേരിട്ട് നിയമനം നടത്തുന്നത് എന്ന് വ്യക്തമാക്കാമോ; അതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ബി) ഇത് ഏതെല്ലാം തസ്തികകളാണെന്നും അതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(സി) നിയമന രീതി വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 20-6-2014-ലെ സ.ഉ.(കൈ) നമ്പർ 08/14/പരി. പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിലെ എഞ്ചിനീയറിംഗ്/സയന്റിഫിക് വിഭാഗങ്ങളിലെ തസ്തികകളിലേക്ക് എൽ.ബി.എസ്. മുഖേനയും മിനിസ്റ്റീരിയൽ വിഭാഗത്തിലെ തസ്തികകളിലേക്ക് ഐ.എം.ജി. മുഖേനയും നിലവിലുള്ളതും ആറ് മാസത്തിനകം ഉണ്ടാകാനിടയുള്ളതുമായ ഒഴിവുകൾകൂടി ചേർത്ത് ഒറ്റത്തവണ നേരിട്ട് നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) എഞ്ചിനീയറിംഗ് വിഭാഗം :

അസിസ്റ്റന്റ് എഞ്ചിനീയർ	-	13
സയന്റിഫിക് വിഭാഗം :		
അസിസ്റ്റന്റ് സയന്റിസ്റ്റ്	-	6
സീനിയർ സയന്റിഫിക് അസിസ്റ്റന്റ്/ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ്	-	37
മിനിസ്റ്റീരിയൽ വിഭാഗം :		
അസിസ്റ്റന്റ്	-	26
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	-	3
ടൈപ്പിസ്റ്റ് (കമ്പ്യൂട്ടർ അസിസ്റ്റന്റ്)	-	17
ഡ്രൈവർ	-	21
അറ്റൻഡർ	-	10
പ്യൂൺ/ബ്ലൂ പ്രിന്റർ	-	29
വാച്ച്മാൻ	-	4
ആകെ	-	166

(സി) സർക്കാർ അംഗീകാരത്തോടെ പുറപ്പെടുവിച്ചിട്ടുള്ള കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർവ്വീസ് റെഗുലേഷൻസ്, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സബോർഡിനേറ്റ് സർവ്വീസ് റെഗുലേഷൻസ് എന്നിവ പ്രകാരം ടെസ്റ്റിന്റെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് നിയമനം നടത്തുക.